ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ:**DTETVM/2127/2025-EG4** തീയതി:**06-03-2025**

<u>**പരിപത്രം**</u>

വിഷയം:-

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിൽ **01.01.2019** മുതൽ **31.12.2024** വരെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ (വാച്ച്മാൻ / ബസ് ക്ലീനർ / ഓഫീസ് അറ്റൻഡൻറ്/മറ്റുള്ളവ ) നിയമനം ലഭിച്ച ജീവനക്കാരുടെ നോൺ ടെക്‌നികൽ അറ്റൻറർ തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം - സംബന്ധിച്ച്

ഈ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവൻറ്സ് തസ്തിക (വാച്ച്മാൻ / ബസ് ക്ലീനർ / ഓഫീസ് അറ്റൻഡൻറ്/മറ്റുള്ളവ) കളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് നോൺ ടെക്‌നികൽ അറ്റൻറർ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനായി **01.01.2019** മുതൽ **31.12.2024** വരെ പ്രസ്തുത തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി / ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട ജീവനക്കാർ ഇതോടൊപ്പമുള്ള മാതൃകയിൽ വിവരങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം സ്ഥാപന മേധാവി മുഖാന്തിരം സർക്കുലർ പ്രസിദ്ധീകരിച്ച് **10** ദിവസത്തിനകം ലഭിക്കത്തക്കവിധം ഈ ഓഫീസിൽ അയച്ചുനൽകുവാൻ നിർദ്ദേശിക്കുന്നു.

<u>**സ്ഥാപനമേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട ജീവനക്കാരെ കാണിച്ചു ബോദ്ധ്യപ്പെടുത്തിക്കൊള്ളേണ്ടതും ജീവനക്കാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവനപുസ്തകവുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി മേൽപ്പറഞ്ഞ സമയക്ലിപ്തത പാലിച്ച് ഈ ഓഫീസിൽ എത്തിക്കേണ്ടതുമാകുന്നു.**</u>

വിവരങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള മാതൃക

**(vide circular no:DTETVM/2127/2025-EG4 )(Lgs-NTA)**

| | | |
|---|---|---|
| **1** | ജീവനക്കാരൻറെ പേര് | |
| **2** | നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തിക | വാച്ച്മാൻ / ബസ് ക്ലീനർ / ഓഫീസ് അറ്റൻഡൻറ് |
| **3** | ജനന തീയതി | |
| **4** | നിയമന രീതി | പി എസ് സി / ആശ്രിത നിയമനം / അന്തർജില്ല സ്ഥലംമാറ്റം / അന്തർവകുപ്പ് സ്ഥലംമാറ്റം / മറ്റുള്ളവ (വ്യക്തമാക്കുക) |
| **5** | നിയമനത്തിന് തെരഞ്ഞെടുത്ത ജില്ല | |
| **6** | നിയമന ശുപാർശയുടെ നമ്പരും തീയതിയും (പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| **7** | നിയമന ഉത്തരവിൻറെ നമ്പരും തീയതിയും (പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| **8** | ജോലിയിൽ പ്രവേശിച്ച തീയതി | |
| **9** | നിയമനം ക്രമീകരിച്ച തീയതി (ഉത്തരവിൻറെ പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| **10** | നിരീക്ഷണകാലം പൂർത്തീകരിച്ച തീയതി (ഉത്തരവിൻറെ പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| **11** | ശൂന്യവേതനാവധി / അന്യത്ര സേവനം / അച്ചടക്ക നടപടികൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ (ഉണ്ടെങ്കിൽ) | |
| **12** | മറ്റ് വിവരങ്ങൾ | |

സ്ഥലം:

തീയതി: ജീവനക്കാരൻറെ പേരും ഒപ്പും

സാക്ഷ്യപത്രം

മേൽ പ്രസ്താവിച്ച വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: സ്ഥാപന മേധാവിയുടെ പേരും ഒപ്പും

തീയതി: ഓഫീസ് മുദ്രയും

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

2. സൂപ്രണ്ട്,EA & ED സെക്ഷനുകൾ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 06-03-2025 00:08:57